കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി1/1483/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

തീയതി 20.12.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തകഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-5, 3-9 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി1/1483/16 തിയതി 20.12.2016

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമ പഞ്ചായത്ത്

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 13.6.2016 മുതൽ 17.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.11.2016മുതൽ 30.11.016 വരെ | ശ്രീ. എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.രാജശ്രീ.വി, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യൂ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ഇ.ആർ.രാധാകൃഷ്ണപിള്ള | 01.04.2015 മുതൽ 11.11.2015 വരെ |
| 2 | ശ്രീമതി.അംബിക ഷിബു | 12.11.2015 മുതൽ 31.03.2016വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീഎൻ.എസ്.അശോക് കുമാർ. | 01.04.2015മുതൽ 6.05.2015 വരെ |
| 2 | ശ്രീ.സുരേഷ്.വി,ഹെഡ് ക്ലർക്ക് (അധിക ചുമതല) | 07.05.2015മുതൽ 01.08.2015 വരെ |
| 3 | ശ്രീ.രാജേന്ദ്രൻ,അസി.സെക്രട്ടറി,എടത്വ ഗ്രാമപഞ്ചായത്ത് (അധിക ചുമതല ) | 02.08.15 മുതൽ 10.08.2015 വരെ |
| 4 | ശ്രീ.എസ്.ശ്രീകുമാർ | 11.08.2015മുതൽ 31.3.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.അൽഫോൻസാമ്മ<br>ശ്രീമതി.ജോമാബിജു | 01.04.2015മുതൽ 31.10.2015 വരെ<br>12.11.2015മുതൽ 31.03.2016വരെ |
| 2 | വികസനകാര്യം | ശ്രീ.ബാബുരാജ്<br>ശ്രീമതി.റോസ്മിനി മാത്യൂ | 01.04.2015മുതൽ 31.10.2015വരെ<br>12.11.2015മുതൽ 31.03.2016വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ഗീതാമണി<br>ശ്രീ.രഞ്ജിത് | 01.04.2015 മുതൽ 31.10.2015 വരെ<br>12.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ.സി.രഞ്ജിത്<br>ശ്രീമതി.മേരി സിൻഡ്രല | 01.04.2015മുതൽ 31.10.2015 വരെ<br>12.11.2015മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.സുജ.എം.എസ് | 1.4.2015 മുതൽ 31.3.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.മേരിക്കുഞ്ഞ്.സി.കരിക്കുളം | 1.4.2015 മുതൽ 31.3.2016വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിജയമ്മ.സി<br>ശ്രീമതി.നീതു.എൽ | 1.4.2015 മുതൽ 30.12.2015വരെ<br>31.12.2015മുതൽ 31.3.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഷിബു .എസ്<br>ഡോ.സുരേഷ്കുമാർ.വി | 1.4.2015 മുതൽ 18.11.15വരെ |

| | | | |
|---|---|---|---|
| | | ഡോ.സൗമ്യ ജോസഫ് | 18.11.15 മുതൽ 3.2.16 വരെ<br>4.2.16 മുതൽ 31.3.16 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ഗോഡ് വിൻ സെൽവൻ.എസ് | 1.4.2015 മുതൽ 31.3.2016വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീ.ഗോപകുമാർ .ജി | 1.4.2015 മുതൽ 31.3.2016വരെ |
| 7 | ഹെഡ്മാസ്റ്റർ, ഗവ.(എൽ.പി.എസ്.) | ശ്രീ.സുബൈർ | 1.4.2015 മുതൽ 31.3.2016വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.റെനി സെബാസ്റ്റ്യൻ | 1.4.2015 മുതൽ 31.3.2016വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സതീശൻ | 1.4.2015 മുതൽ 31.3.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1മുതൽ 1-13വരെ |
| | ഭാഗം-2 | |
| 2 | തൊഴിൽ നികുതി - തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം | 2-1 |
| 3 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | 2-2 |
| 4 | D & O ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 5 | തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ച | 2-4 |
| 6 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 2-5 |
| | ഭാഗം-3 | |
| 7 | ഗ്രാമപഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണം - ഗുരുതര ക്രമക്കേടുകൾ | 3-1 |
| 8 | മരാമത്ത് വേലകൾ - എർത്ത് ഫില്ലിംഗിന് തെറ്റായ നിരക്ക നിർണ്ണയം മൂലം ഭീമമായ നഷ്ടം | 3-2 |

| | | |
|---|---|---|
| 9 | സെന്റ് മേരീസ് വായനശാല മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ്, വാർഡ് 9- ടാറിന്റെ വില വ്യത്യാസം ബിലിൽ നിന്നും കുറവു ചെയ്തില്ല – അധിക ചെലവ് | 3-3 |
| 10 | മരാമത്തു വേലകളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച | 3-4 |
| 11 | വാട്ടർചാർജ് കുടിശ്ശിക –വികസനപ്രവർത്തനങ്ങൾ വഴിമുട്ടുന്നു | 3-5 |
| 12 | ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച കുടിവെള്ള സ്രോതസ്സ് പ്രവർത്തനരഹിതം | 3-6 |
| 13 | അഗതി ആശ്രയ ഭവന നിർമ്മാണം-- പദ്ധതി പൂർണ്ണമായില്ല | 3-7 |
| 14 | വഴിവിളക്കിന്റെ കറന്റ് ചാർജ്ജ് - കുറയ്ക്കാൻ നടപടി സ്വീകരിക്കുന്നില്ല | 3-8 |
| 15 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ ഫലപ്രദമാകുന്നില്ല | 3-9 |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല | 3-10 |
| | ഭാഗം 4 | |
| 17 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1മുതൽ 4-10വരെ |
| | അനുബന്ധം | |
| 18 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 6-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 11,15,71,190 | 10,87,60,540 |
| വാർഷിക കണക്ക് പ്രകാരം | 3,05,12,545 (മുന്നിരിപ്പ് ഇല്ലാതെ) | 3,59,70,755 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവിന്റെയും ചെലവിന്റെയും 3 മടങ്ങിലധികമാണ് എന്ന് കാണാം. ഇതിൽ നിന്നും യാഥാർത്ഥ്യ ബോധത്തോടയല്ല ബജറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു.

ബജറ്റ് പരമാവധി യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 31.7.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,35,52,350 |
| വരവ് | 3,05,12,545 |
| ആകെ | 4,40,64,895 |
| ചെലവ് | 3,59,70,755 |
| നീക്കിയിരിപ്പ് | 80,94,140 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1360689 | 7705057 | 9065746 | 9065746 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1587862 | 3753698 | 5341560 | 5341560 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 283536 | 3249652 | 3533188 | 3533188 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 651454 | 1687584 | 2339038 | 2339038 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1012810 | 3085297 | 4098107 | 4098107 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 360376 | 0 | 360376 | 360376 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 0 | 20898961 | 20898961 | 20896795 | 2166 |
| ബി ഫണ്ട് | 0 | 21226334 | 21226334 | 21226334 | 0 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | |
|---|---|---|---|---|---|---|
| 141 | 33763002 | 118 | 26944755 | - | 23 | 83.6% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22.26% ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2024317 | 1554962 | (-)469355 | (-)23.19% |
| നികുതിയേതര വരവുകൾ | 371662 | 347244 | (-)24418 | (-)6.57 % |
| മറ്റ് വരവുകൾ | 288699 | 184730 | (-)103969 | (-)36 % |
| ആകെ | 2684678 | 2086936 | (-)597742 | (-)22.26% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 287640 | 161 |
| കർഷകതൊഴിലാളി പെൻഷൻ | 9044940 | 1245 |
| വിധവാപെൻഷൻ | 4557160 | 497 |
| വാർദ്ധക്യകാലപെൻഷൻ | 4919130 | 945 |
| വികലാംഗപെൻഷൻ | 2035725 | 292 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 161400 | 17 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 240000 | 8 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2016, 3pm ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 293/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ 4സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ മാത്രമാണ് MOP അനുശാസിക്കും

പ്രകാരം Personal Register സൂക്ഷിക്കുന്നത്. എന്നാൽ അവ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കുന്നതായും നിശ്ചിത ഇടവേളകളിൽ മേലധികാരികൾ പരിശോധിക്കുന്നതായും കാണുന്നില്ല.

അതുപോലെ, ഗ്രാമ പഞ്ചായത്ത് വിവിധ ഇനങ്ങളിൽ ചെലവഴിച്ച തുകകളുടെ വിശദാംശം വേഗത്തിലും കൃത്യമായും ലഭിക്കത്തക്ക വിധം ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലും, സാംഖ്യ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ ചേർക്കുന്നതിലും കാര്യമായ പുരോഗതിയില്ല.

ഇതിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം വേണ്ടത്ര കാര്യക്ഷമമല്ല എന്നു വിലയിരുത്തുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ ആവശ്യമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.16 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.08.2006 | 1997-98 to 2005-06 | 27.09.2006 |

1-12 ദുരിതാശ്വാസ നിധി - രൂപികരിച്ചിട്ടില്ല - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് തകഴി ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ദുർബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

എന്നാൽ സർക്കാർ നിർദ്ദേശം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടില്ല.

സാമ്പത്തികമായി പിന്നാക്കം നില്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ യാതൊരുവിധ സഹായവും ഗ്രാമപഞ്ചായത്തിന് ചെയ്യാൻ സാധിച്ചില്ല എന്നത് തികച്ചും നിരാശാ ജനകമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-13 അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിൽ കാര്യമായ താല്പര്യം കാണിക്കുന്നില്ല

സാമ്പത്തികമായി പിന്നാക്കം നില്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് ഇവിടുത്തെ അംഗൻവാടികൾ. ആകെ 24 അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 13 എണ്ണത്തിനു മാത്രമാണ് സ്വന്തമായി ഉപയോഗയോഗ്യമായ കെട്ടിടങ്ങളുള്ളത് (ഓഡിറ്റ് വർഷം 2 എണ്ണം പൂർത്തീകരിച്ചതുൾപ്പെടെ). ബാക്കി 11 എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

24 ൽ ഒരെണ്ണത്തിൽ പോലും baby friendly toilet സൗകര്യം ഇല്ല. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. വികേന്ദ്രീകരണാസൂത്രണം ആരംഭിച്ച് 2 ദശാബ്ദങ്ങളായിട്ടും ഗ്രാമ പഞ്ചായത്തിലെ

എല്ലാ അംഗൻവാടികൾക്കും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നത് അഭിമാനകരമല്ല. ഇതിൽ നിന്നും അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി - തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച - ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് തൊഴിൽ നികുതി. എന്നാൽ ഓഡിറ്റ വർഷം തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിൽ ഉണ്ടായ വീഴ്ച മൂലം ഗ്രാമ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

2015-16 ൽ കേവലം 125 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത്രയും സ്ഥാപനങ്ങളിൽ നിന്നും മാത്രമേ നികുതി ഈടാക്കിയിട്ടുമുള്ളൂ. ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ ലിസ്റ്റ് താരതമ്യേന ചെറുതാണ്. ഓഡിറ്റ നടത്തിയ പ്രാദേശിക പരിശോധനയിൽ ഗ്രാമ പഞ്ചായത്തിന്റ പ്രധാന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നു വ്യക്തമായി.

ലിസ്റ്റിൽ ഉൾപ്പെടാത്തതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതുമായ ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

കള്ള്ഷാപ്പുകൾ 8 എണ്ണം

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന 7 സ്ഥാപനങ്ങൾ

ശാസ്താ ഡ്രൈവിംഗ് സ്കൂൾ, തകഴി

റേഷൻകട പുല്ലങ്ങടി, തകഴി

ഇതിൽ കള്ളു ഷാപ്പുകൾ പരമാവധി നിരക്കിൽ (അർദ്ധവർഷം 1250/- പ്രതിവർഷം 2500/-) നികുതി ഈടാക്കാമായിരുന്ന സ്ഥാപനങ്ങളാണ് .

മാത്രമല്ല 2016-17 വർഷം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 266 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും 2015-16 ൽ ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽപോലും വീഴ്ചയുണ്ടായി എന്നു കാണാം.

കൂടാതെ തൊഴിൽ നികുതി സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വിവിധ രേഖകളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടച്ചിട്ടില്ല എന്നും കാണുന്നു.

മിൽമ സൊസൈറ്റി --പടഹാരം, തെന്നടി, തകഴി, ചെക്കിടിക്കാട്, കേളമംഗലം

സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കുന്നുമ്മ,

റെയിൽവേ, തകഴി

ഗായത്രി ക്ലിനിക്ക്

അതുപേലെ, വെയർഹൗസ്, തകഴി എന്ന സ്ഥാപനത്തിന്റെ ആദ്യ അർദ്ധവർഷം സ്ഥാപന നികുതി തൊഴിൽ

അടച്ചിട്ടില്ല.

ടി വസ്തുതകളിൽ നിന്നും തൊഴിൽ നികുതി നിർണ്ണയത്തിലും അവ പിരിച്ചെടുക്കുന്നതിലും ഗുരുതരമായ വീഴ്ച സംഭവിക്കുകയും, തൻമൂലം ഗ്രാമ പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടായി എന്നും സ്പഷ്ടമാകുന്നു.

ഓഡിറ്റ് വർഷം തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ ലിസ്റ്റ് തയ്യാറാക്കി, 2015-16 മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വസ്തുനികുതി ഡിമൻറ് രജിസ്റ്റർ പരിശോധിച്ചതിൽ കുടിശ്ശിക ഡിമാൻറ് 691920/-രൂപയിൽ വരവ് ഉള്ളത് 241573/- രൂപയും, തൻവർഷത്തെ ഡിമാൻറ് 1200224/- രൂപയിൽ പിരിവ് നടത്തിയത് 625975/- രൂപയുമാണ്. കുടിശ്ശിക ഡിമാന്റും തൻവർഷത്തെ ഡിമാന്റും കൂടി ആകെ 1024596/- രൂപ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു.

ഇതിൽ നിന്നും ഓഡിറ്റ് വർഷം നികുതി പിരിവിൽ കാര്യമായ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഓഡിറ്റ് വർഷം 125 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഇവിടെ ശേഖരിച്ചിട്ടുള്ളത്. ഇത്രയും സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളത്. 2016-17 ൽ 266 സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പല സ്ഥാപനങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും കാണുന്നു (വിശദ വിവരം ഖണ്ഡിക 2-1 ൽ കാണിച്ചിട്ടുണ്ട്).

ലൈസൻസ് ഇല്ലാതെ ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കി എന്നു മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ നിയമപരമായ അധികാരം ചോദ്യം ചെയ്യപ്പെട്ട വിഷയവുമാണ്. ഇതിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4 തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ 9 കടമുറികൾ ഉള്ളതിൽ 7 എണ്ണമാണ് 2015-16 ൽ വാടകയ്ക്ക് നല്കിയിട്ടുള്ളത്. ഇതിൽ പോസ്റ്റ്മാസ്റ്റർ, തകഴിക്ക് നല്കിയ കെട്ടിടത്തിന്റെ വാടക 4560/- രൂപ കുടിശ്ശികയുണ്ട്. നിലവിൽ ഈ കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പോസ്റ്റ് ഓഫീസ് ഇവിടെ നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറുകയും ഷോപ്പിംഗ് കോംപ്ലക്സിലെ മുറി പൂട്ടിക്കിടക്കുകയും ചെയ്യുന്നു. അത്യാവശ്യ മെയിന്റനൻസ് പ്രവർത്തികൾ ചെയ്ത് കെട്ടിടം യഥാസമയം ഉപയോഗ യോഗ്യമാക്കിയിരുന്നെങ്കിൽ ലഭ്യമാകുമായിരുന്ന വാടക നഷ്ടപ്പെടാതിരിക്കുമായിരുന്നു. 15-16 ൽ ലഭിക്കാനുള്ള 4560/-രൂപ പോസ്റ്റുമാസ്റ്ററിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യത ആകുന്നതാണ്. 9 മുറികളിൽ 2 എണ്ണം കുടുംബശ്രീ ഓഫീസിനും സാക്ഷരതാ പ്രവർത്തനത്തിനും നല്കിയിരിക്കുന്നു. ആസ്തികൾ സംരക്ഷിച്ച് തനത് വരവ് വർദ്ധിപ്പിക്കാൻ ഭരണമിതിയും ഉദ്യോഗസ്ഥരും കൂട്ടായി ശ്രമിക്കേണ്ടതാണ്.

## 2-5 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടില്ല. 2016-17 ൽ ഒരെണ്ണം രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. കുടിശ്ശിക ഉൾപ്പെടെ രജിസ്ട്രേഷൻ ഫീ ഈടാക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണം - ഗുരുതര ക്രമക്കേടുകൾ

| | | |
|---|---|---|
| പ്രോജക്റ്റ് നം. | S0111/16<br>(മുൻ വർഷ നമ്പറുകൾ S0123/13, S0101/14, S0064/15) | |
| പദ്ധതി അടങ്കൽ | രൂ.36,60,000/- | |
| എഗ്രിമെന്റ് നം. | 56/AE/LSGD/TKY/12.-13 തീയതി 12.3.2013 | |
| അളവു പുസ്തകം നം. | 160/2011-12, 63/14-15, 90/14-15, 38/15-16 | |
| ആകെ മൂല്യം (ടെണ്ടർ കിഴിവ് കുറച്ച്) | | രൂ.35,43,083/- |
| ചെലവഴിച്ച തുക (പിഴ രൂ.70863/- കുറച്ച് ) | | രൂ.34,72,220/- |
| നികുതികളും മറ്റും കിഴിച്ച് കരാറു കാരന് നല്കിയ തുക | | രൂ.33,00,063/- |
| ചെലവിന്റെ വിശദാംശം | | |
| ബിൽ നം.74/2012-13, തീയതി 31.03.2013 | | രൂ.7,90,290/- |
| ബിൽ നം.67 /2013-14, തീയതി 31.03.2014 | | രൂ.6,91,367/- |
| ബിൽ നം.21/2014-15, തീയതി 31.12.2014 | | രൂ.10,04,531/- |
| ബിൽ നം.10/2015-16, തീയതി 16.09.2015 | | രൂ.3,60,376/- |
| ബിൽ നം.11/2015-16, തീയതി 16.09.2015 | | രൂ.6,25,656/- |
| | ആകെ | രൂ.34,72,220/- |
| മൂല്യ നിർണ്ണയം നടത്തുകയും ചെലവു നടത്തുകയും ചെയ്തത് | | ശ്രീ. റെനി സെബാസ്റ്റ്യൻ, അസി. എഞ്ചിനീയർ |

കരാറുകാരൻ : - സുരേഷ് കുമാർ.ജി (എസ്റ്റിമേറ്റിൽ നിന്നും 0.002% കുറച്ച്)

ലോക ബാങ്ക് ധനസഹായത്തോടെ തകഴി ഗ്രാമ പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 2012-13 ൽ 36.60 ലക്ഷം അടങ്കലിൽ പദ്ധതി തയ്യാറാക്കുകയുണ്ടായി. എന്നാൽ, 10 മാസത്തിനകം പൂർത്തീകരിക്കത്തക്കവിധം 12.3.2013 ൽ ആരംഭിച്ച കെട്ടിട നിർമ്മാണം 27 മാസത്തിനു ശേഷം 13.6.2015 ൽ 35.43ലക്ഷം രൂപാ ചെലവഴിക്കപ്പെട്ട് പൂർത്തീകരിച്ചത് പലവിധ അപാകതകളും പരാതികളും അവശേഷിപ്പിച്ചുകൊണ്ടാണ്. നിർമ്മാണത്തിലെ പിഴവുകളും നിലവാരക്കുറവും സംബന്ധിച്ച പരാതികളും സംശയങ്ങളും ഉയർത്തിക്കൊണ്ടും, കരാറുകാരന് അധിക തുക നല്കാനിടയാക്കിയും ആണ് ഇഴഞ്ഞു നീങ്ങിയ ഈ പദ്ധതി അവസാനിച്ചത്. വിശദാംശം ചുവടെ.

1. നിർമ്മാണത്തിൽ പിഴവുകൾ

80cm ആഴത്തിൽ വാനം തോണ്ടി, അതിൽ 20cm കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്ത് അതിനു മുകളിൽ 70cm വീതിയിലും 25cm കനത്തിലും $1:1^1/_2:3$ അനുപാതത്തിൽ RCC റാഫ്റ്റും അതിനു മുകളിൽ 23 cm വീതിയിലും 35cm കനത്തിലും $1:1^1/_2:3$ അനുപാതത്തിൽ RCC ബീമും വാർത്ത് ഫൗണ്ടേഷൻ നിർമ്മിച്ചതായും, 1:4 അനുപാതത്തിലുള്ള സിമന്റ് മോർട്ടാർ ഉപയോഗിച്ച് ഭിത്തി പ്ലാസ്റ്റർ ചെയ്തതായും എസ്റ്റിമേറ്റ് അളവു പുസ്തകം എന്നിവയിൽ സൂചിപ്പിക്കുന്നു. അതായത് താരതമ്യേന മികച്ച ഫൗണ്ടേഷനും പ്ലാസ്റ്ററിംഗും നടത്തിയതായാണ് രേഖകൾ.

എന്നാൽ കെട്ടിടത്തിന് കാര്യമായ ഗുണനിലവാരമില്ല എന്നും മുകളിൽ ഒരു നില കൂടി നിർമ്മിക്കുവാൻ സാധിക്കത്തക്ക ബലം ഇല്ല എന്നും ഭിത്തിയിലെ പ്ലാസ്റ്ററിംങ് ആവശ്യത്തിന് സിമന്റുപയോഗിക്കാതെ ചെയ്തതു മൂലം പൊടിഞ്ഞിളകുന്നു എന്നും വിവിധ ജീവനക്കാരും ഭരണസമിതി അംഗങ്ങളും ഓഡിറ്റിൽ പരാതി പറയുകയും രണ്ട് അംഗങ്ങൾ പരാതി രേഖാമൂലം ഓഡിറ്റിൽ എഴുതി നല്കുകയും ചെയ്തു. ഓഡിറ്റിന്റെ എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റും ഭരണസമിതി അംഗംങ്ങളും കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അപാകത സംഭവിച്ചിട്ടുണ്ടെന്നും മുകളിലേക്ക് പണിയാൻ യാതൊരു ഗ്യാരന്റിയും ഇല്ല എന്നും അഭിപ്രായപ്പെട്ടു.

ഭിത്തിയുടെ പ്ലാസ്റ്ററിംങ്ങിന്റെ കാര്യം ഓഡിറ്റിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കോൺഫറൻസ് ഹാളിന്റെ തന്നെ ഭിത്തിയുടെ അരികുകൾ പലയിടങ്ങളിലും ഇളകിയിരിക്കുന്നതായും ഭിത്തിയുടെ പല ഭാഗങ്ങളും പൊടിഞ്ഞിളകുന്നതായും ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതിൽ നിന്നും പ്ലാസ്റ്ററിംഗ് ശരിയായ വിധം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ടും ഇല്ല.

ടി വസ്തുതകളിൽ നിന്നും കെട്ടിട നിർമ്മാണത്തിൽ കാര്യമായ ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയം ഉയരുന്നു. ആയതിനാൽ വിഷയത്തിൽ ആവശ്യമായ പരിശോധന നടത്തി അനന്തര നടപടികൾ സ്വികരിക്കാൻ ഭരണ വകുപ്പിനോടു ശുപാർശ ചെയ്യുന്നു.

2.കാലതാമസത്തിനു പിഴ ഈടാക്കിയതിൽ കുറവ്

2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 പ്രകാരം കരാർ പ്രവൃത്തിയുടെ അന്തസത്ത സമയക്ലിപ്തതയാണ്. കരാറുകാരൻ നിശ്ചിത സമയ ത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ബാദ്ധ്യസ്ഥനുമാണ്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പി ക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

ടി നിബന്ധന അനുസരിച്ച് 25% വരെയുള്ള കാലാവധി ദൈർഘ്യത്തിന് PAC യുടെ 1% ഉം, 25% മുതൽ 50% വരെയുള്ള കാലദൈർഘ്യത്തിന് PAC യുടെ 1+2=3% ഉം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചു മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. എന്നാൽ നിശ്ചിത കാലാവധിക്കു വളരെ നാളുകൾക്കു ശേഷം (15 മാസങ്ങൾക്കു ശേഷം) പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

ആദ്യ പാർട്ട് ബില്ലിനു (മാർച്ച് 2013) ശേഷം മാസങ്ങളോളം പണി നിർത്തി വെച്ചതായും, പല തവണ അസി. എഞ്ചിനീയർ കത്തിടപാടുകൾ നടത്തിയതിനു ശേഷം മാത്രമാണ് പ്രവൃത്തി പുനരാരംഭിച്ചത് എന്നും 8.6.2013, 16.8.2013, 8.10.2013 എന്നീ തീയതികളിലെ അസി. എഞ്ചിനീയറുടെ കത്തുകളിൽ(കത്ത് നമ്പർ W1/80/13) നിന്നും വ്യക്തമാണ്. തുടർന്ന് 2-ാം പാർട്ട് ബില്ലിനു (മാർച്ച് 2014) ശേഷം വീണ്ടും പണി നിർത്തി വെയ്ക്കുകയും വളരെ മന്ദ ഗതിയിൽ മാത്രം പണി മുന്നോട്ടു കൊണ്ടുപോയതായും 21.4.2014 ലെ I(4), 29.9.2014 ലെ 3(1) എന്നീ പഞ്ചായത്തു സമിതി തീരുമാനങ്ങളിൽ നിന്നും സുവ്യക്തമാണ്. ഓരോ തവണയും കാലവർഷവും വെള്ളപ്പൊക്കവും, പണി സ്ഥലത്തു നിന്ന ഒരു ഇലക്ട്രിക് പോസ്റ്റ് മാറാനുള്ള താമസം, വൈദ്യുതി, വെള്ളം ഇവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്നിവ ചൂണ്ടിക്കാട്ടിയാണ് കരാറുകാരൻ മറുപടി നല്കിയിരുന്നത്.

ഈ കാരണങ്ങൾ കാരണം ആണ് 15 മാസം കാലതാമസം ഉണ്ടായത് എന്നത് തികച്ചും യുക്തിരഹിതവും അവിശ്വസനീയവുമാണ്. മാത്രമല്ല, പോസ്റ്റ് മാറാത്തത് പണിക്ക് ഒരു തടസ്സമല്ല എന്ന് അസി. എഞ്ചിനീയറുടെ 8.10.2013 ലെ കത്തിൽ വ്യക്തമാക്കുന്നുമുണ്ട്. അതുപോലെ, പണി നടത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയുണ്ടായതായി തീയതികളിൽ ഗ്രാമ പഞ്ചായത്തു സമിതി വിലയിരുത്തിയിട്ടുമുണ്ട്. ഇതിൽ നിന്നും കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അലംഭാവം മൂലമാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരിക്കാൻ കാരണം എന്ന് സുവ്യക്തമാണ്. ആയതിനാൽ ടിയാന് യാതൊരു വിധ ഗ്രേസ് പീരിയഡിനും അർഹതയില്ല. മാത്രമല്ല ഗ്രാമ പഞ്ചായത്തു സമിതി ടിയാന് ഗ്രേസ് പീരിയഡ് അനുവദിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴയും കോമ്പൻസേഷനും കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ.

നിയമാനുസൃതം പിഴ ഈടാക്കി സമയം ദൈർഘിപ്പക്കുന്നതിനു പകരം പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ആകെ മൂല്യത്തിന്റെ 2% തുക മാത്രം (രൂ.70863/-) പിഴ എന്ന പേരിൽ ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. കോമ്പൻസേഷൻ ഇനത്തിൽ യാതൊരു തുകയും ബില്ലിൽ കുറവു ചെയ്തിട്ടില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് പിഴ/കോമ്പൻസേഷൻ ഇനത്തിൽ ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എഗ്രിമെന്റ് ചമച്ച് കരാറുകാരന് സ്ഥലം കൈമാറിയ തീയതി | | = 12.3.2013 |
| കരാർ പ്രകാരം പൂർത്തീകരണ കാലാവധി | = 10മാസം | = 11.1.2014 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | | = 13.6.2015 |
| അധികമായി എടുത്ത സമയം | = 1 വർഷം, 5 മാസം, 2 ദിവസം = 518ദിവസം | |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (5 മാസത്തേക്ക്, 11.6.2014 വരെ) | | = PAC യുടെ 3% |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ (12.6.2014 മുതൽ 13.6.2015 വരെ 367 ദിവസത്തേക്ക്, 52.4ആഴ്ചത്തെ) | | = PAC യുടെ 5.24% |
| അംഗീകൃത PAC | = 36,60,000 – 0.002% | = 36,59,927/- |
| പിഴ, കോമ്പൻസേഷൻ എന്നീ ഇനങ്ങളിൽ ആകെ കുറവു ചെയ്യേണ്ടിയിരുന്ന തുക = PAC യുടെ 8.24% | | = 3659927x8.24%= 301578/- |
| പിഴയിനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയ തുക | | = 70863/- |
| കുറവ് | = 301578 - 70863 | = രൂ. 2,30,715/- |

നിയമാനുസൃതം ഈടാക്കേണ്ടിയിരുന്നതിലും കുറഞ്ഞ തുക പിഴയിനത്തിൽ ഈടാക്കിയതു മൂലം 230715/-രൂപയുടെ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3. <u>കരാറുകാരന് കണക്കു പ്രകാരം നല്കേണ്ടതിലും അധികം തുക നല്കി:-</u>

| | | |
|---|---|---|
| അളവു പുസ്തകം പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം(ടെണ്ടർ വ്യത്യാസം കിഴിച്ച്) | | രൂ.35,43,083/- |
| കുറയ്ക്കുക | | |
| | വാറ്റ് 3% | രൂ.106292/- |
| | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം 1% | രൂ.35431/- |
| | ആദായ നികുതി 1% | രൂ.35431/- |
| | ഈടാക്കാൻ നിശ്ചയിക്കപ്പെട്ട പിഴ | രൂ.70863/- |

| | |
|---|---|
| ബാക്കി കരാറു കാരന് നല്കേണ്ടിയിരുന്ന തുക | രൂ.32,95,066/- |

എന്നാൽ താഴെ പറയും പ്രകാരം കരാറുകാരന് ആകെ 33,00,063/- രൂപാ കരാറുകാരന് നല്കിയതായി കാണുന്നു.

| | | |
|---|---|---|
| 1-ാം പാർട്ട് ബിൽ തുക | ബാങ്കേഴ്സ് ചെക്ക് നം.279806/3.2013 | രൂ.672369/- |
| 2-ാം പാർട്ട് ബിൽ തുക | ബാങ്കേഴ്സ് ചെക്ക് നം.419050/7.12.14 | രൂ.640202/- |
| 3-ാം പാർട്ട് ബിൽ തുക | ബാങ്കേഴ്സ് ചെക്ക് നം.814050/1.1.15 | രൂ.858875/- |
| ഫൈനൽ ബിൽ തുക | ബാങ്കേഴ്സ് ചെക്ക് നം.671197/18.9.15 | രൂ.625656/- |
| | ബാങ്കേഴ്സ് ചെക്ക് നം.671198/18.9.15 | രൂ.307531/- |
| റിടെൻഷൻ തുക | ചെക്ക് നം. 2460188/17.7.2015 | രൂ.195430/- |
| | ആകെ | രൂ.33,00,063/- |

അതായത് നിശ്ചയിക്കപ്പെട്ടതിലും 3300063 – 3295066 = 4997/- രൂപാ കരാറുകാരന് അധികമായി നല്കി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

<u>സംഗ്രഹം</u>

ഈ വിഷയങ്ങളിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/2911.2016) അസി. എഞ്ചിനീയർ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

ആയതിനാൽ 2,3 പരാമർശങ്ങൾ പ്രകാരം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 230715 + 4997 = 235712/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഗ്രാമപഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതാണ്. ടി പരാമർശം 1–ൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങളാൽ 2015-16 ലെ ആകെ ചെലവിൽ (രൂ.986032/-) ടി അംഗികരിക്കാത്ത തുക 235712/- കുറച്ചുള്ള 750320/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 <u>മരാമത്ത് വേലകൾ - എർത്ത് ഫില്ലിംഗിന് തെറ്റായ നിരക്ക നിർണ്ണയം മൂലം ഭീമമായ നഷ്ടം</u>

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം.DB.3/6512/2013/CE/LSGD തീയതി 13.2.2014 അനുസരിച്ച് 2014-15, 2015-16 കാലഘട്ടങ്ങളിൽ മരാമത്തു വേലകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) അടിസ്ഥാനത്തിലായിരുന്നു. DSR ൽ ഇല്ലാത്ത ഇനം വേലകൾക്കു മാത്രമാണ് പ്രാദേശിക നിരീക്ഷണമനുസരിച്ചുള്ള നിരക്കു നിർണ്ണയി ക്കേണ്ടിയിരുന്നത്. എന്നാൽ തകഴി ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റു വർഷം നടപ്പാക്കിയ മരാമത്തു വേലകളിൽ എർത്ത് ഫില്ലിംഗ് ഇനത്തിന് ടി നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്കു നിശ്ചയിച്ചതു മൂലം ഭീമമായ അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു.

DSR 2014 Vol. I ഇനം 2.2.1 പ്രകാരമുള്ള എർത്ത് വർക്ക് നിരക്കിനൊപ്പം ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് നിരക്കു കൂട്ടി കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിച്ചാണ് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്. ജില്ലയിലെ ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളിലും ഇപ്രകാരമാണ് ഈയിനം വേലകൾക്ക് നിരക്ക് നിർണ്ണയിച്ചത്. എന്നാൽ അതിനു പകരം താഴെപ്പറയും പ്രകാരം മൂന്നിനം ഗ്രാവലിന് കമ്പോള നിരക്ക് എന്ന പേരിൽ ഭീമമായ വിലയും നിരത്തുകൂലിയും ഉൾപ്പെടുത്തിയുള്ള നിരക്കാണ് നിർണ്ണയിച്ചത്.

| ഇനം | 2014-15 നിരക്ക് *(സ്പിൽ ഓവർ വേലകൾക്ക്)* (ഘന മീറ്ററിന്) | 2015-16 നിരക്ക് (ഘന മീറ്ററിന്) |
|---|---|---|

| | ഗുണ. സമിതി മുഖേനയുള്ളവയ്ക്ക് | കരാർ വേലകൾക്ക് | ഗുണ. സമിതി മുഖേനയുള്ളവയ്ക്ക് | കരാർ വേലകൾക്ക് |
|---|---|---|---|---|
| സാധാരണ ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗിന് | 1303.55 | 1499.08 | 1556.40 | 1789.90 |
| ഗ്രാവലി കട്ടിംഗ്സ് ഉപയോഗിച്ചുള്ള ഫില്ലിംഗിന് | ----- | ---- | 1314.00 | 1511.10 |
| മെറ്റലിംഗിന് ബ്ലൈന്റിംഗ് മെറ്റീരിയൽ ആയി ഉപയോഗിക്കുന്ന നല്ലയിനം ഗ്രാവലിന് | ----- | ---- | 1237.16 | 1422.73 |

ഇവിടെ മെറ്റലിംഗിനുള്ള നല്ലയിനം ഗ്രാവൽ ഇറക്കി സ്റ്റാക്ക് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളതിലും വളരെ ഉയർന്ന നിരക്കാണ് ഫില്ലിഗിനുള്ള സാധാരണ ഗ്രാവലിനും ഗ്രാവലി കട്ടിംഗ്സിനും നല്കിയത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഗ്രാവൽ സോഴ്സിൽ നിന്നും ഈ ഗ്രാമ പഞ്ചായത്തിലും കൂടുതൽ ദൂരെ സ്ഥിതിചെയ്യുന്ന അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തുകളിൽ ഇതിലും വളരെ കുറഞ്ഞ നിരക്കാണ് ഈ കാലഘട്ടങ്ങളിൽ നൽകിയത് എന്നതും ഇവിടെ ശ്രദ്ധേയമാണ്. *(ഗുണഭോക്തൃ സമിതികൾക്ക് 2015-16 ൽ ഫില്ലിംഗിന് ഇവിടങ്ങളിൽ അനുവദിച്ച നിരക്ക് കേവലം 949.65/$m^3$ ആണ്.)*

ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 4/26.11.2016) ഒരു മറുപടിയും ലഭ്യമാക്കിയില്ല.

DSR പ്രകാരം ഫില്ലിഗിന്, റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ ചെയ്താൽ പോലും അനുവദനീയമായ പരമാവധി നിരക്ക് ചുവടെ ചേർക്കുന്നു (1 ഘനമീറ്ററിന്)

| | |
|---|---|
| DSR 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക് -*(ലേബർ, റോളർ ചാർജ്ജ്, 1%വാട്ടർ ചാർജ്ജ്, കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 383.09 |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (38 കി.മീ.) - *(കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 449.51 |
| ഇതിന്റെ 1% വാട്ടർ ചാർജ്ജ് | 4.495 |
| ആകെ | 837.095<br>= 837.10 |

കോസ്റ്റ് ഇൻഡക്സ് സഹിതം കരാറുകാർക്ക് അനുവദനീയമായ പരമാവധി നിരക്ക് -

| | |
|---|---|
| 2014-15 (കോസ്റ്റ് ഇൻഡക്സ് 1.38) | 837.10x1.38 |

| | |
|---|---|
| | = 1155.20 |
| 2015-16 (കോസ്റ്റ് ഇന്റക്സ് 1.4571) | 837.10x1.4571<br>= 1219.74 |

ഗുണഭോക്തൃ സമിതികൾക്ക് അനുവദനീയമായ പരമാവധി നിരക്ക്

| | |
|---|---|
| 2014-15 | 1004.52 |
| 2015-16 | 1060.64 |

ഓഡിറ്റ് വർഷം ഇപ്രകാരം അധിക നിരക്ക അനുവദിച്ചുമൂലം കരാറുകാർക്ക കൺവീനർമാർക്കും അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഫില്ലിംഗ് വേലകൾക്ക് തെറ്റായി നിരക്ക നിർണ്ണയിച്ചതു മൂലം അധികമൂല്യം നിർണ്ണയിക്കപ്പെട്ട പ്രവർത്തികളുടെ വിശദാംശം

A)ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ച വേലകൾ

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | കൺവീനറുടെ പേര് | MB നം., ഇനം നം. | ഫില്ലിംഗ് അളവ് (m3) | അനുവദിച്ച നിരക്ക് (ഘനമീറ്ററിന്) | നിർണ്ണയിക്കപ്പെട്ട മൂല്യം | അടങ്കലിൽ ക്രമീകരിക്കാൻ കുറവു ചെയ്ത തുക | അർഹമായ മൂല്യം | അധികമായി നല്കിയ തുക | ഫൈനൽ ബിൽ വിവരങ്ങൾ (One bill only) |
|---|---|---|---|---|---|---|---|---|---|---|
| | ***(1) 2015-16** ലെ പുതിയ പ്രോജക്റ്റുകൾ (അനുവദനീയ നിരക്ക് **1060.64/m³**)* | | | | | | | | | |
| 1 | SO0028/16 - CSI പള്ളി റോഡ് പുനരു ദ്ധാരണം വാർഡ് 2 | ജയിംസ് ഫിലിപ്പോസ്, വലിയകുളം | 78/15-16 ഇനം 1 | 60 | 1556.4 | 93384 | 0 | 63638 | 29746 | Bill No. 44/2015-16, തീയതി 22.1.2016 രൂ. 98987/- |
| 2 | S0029/16 പുത്തൻപുരപാലം മുതൽ കാഞ്ഞിരംകാട് നടപ്പാത പുനരുദ്ധാരണം വാർഡ് .2 | മനോഹരൻ നായർ | 78/15-16 ഇനം 1 | 45.5 | 1556.4 | 70816 | 0 | 48259 | 22557 | Bill No. 42/2015-16, തീയതി 22.1.2016 രൂ.75000/- |
| 3 | S0031/16 ആറ്റു തീരം റോഡിൽ മണലാറ്റിൽ പാലം മുതൽ വടക്കേച്ചിര വരെ നടപ്പാത പുനരുദ്ധാരണം വാർഡ് .2 | ജോസഫ് യോഹന്നാൻ | 89/15-16 ഇനം 1 | 60 | 1556.4 | 93384 | 0 | 63638 | 29746 | Bill No. 49/2015-16, തീയതി 26.2.2016 രൂ.98987/- |
| 4 | S0032/16 എല്ലോറ മുപ്പറ കോളനി നടപ്പാത സംരക്ഷണ ഭിത്തി നിർമ്മാണവും കോൺക്രീറ്റിംഗും വാർഡ് .2 | ഗോപാലകൃഷ്ണൻ | 56/15-16 ഇനം അപ്പന്റിക്സ് ബി.3 | 10 | 1314 | 13140 | 0 | 10606 | 2534 | Bill No. 71/2015-16, തീയതി 31.3.2016 രൂ.248142/- |
| 5 | S0037/16 ദേവസ്വംപറമ്പ് നടപ്പാത വാർഡ്-2 | പ്രകാശ് | 237/15-16 ഇനം 2 | 35.34 | 1556.4 | 55003 | 0 | 37483 | 17520 | Bill No. 52/2015-16, തീയതി. 26.2.2012 രൂ.147919/- |
| 6 | S0038/16 മണ്ണട കോളനി നടപ്പാത വാർഡ്.3 | രാജ് കുമാർ | 68/15-16 ഇനം 2 | 90 | 1314 | 118260 | 0 | 95458 | 22802 | Bill No. 9/2015-16, തീ.14.5.2015 രൂ.291360/- |
| 7 | S0039/16 പുക്കോട്ടു മുതൽ മംഗലപ്പള്ളി വരെ | ഇന്ദിര അറയ്ക്കൽ | 70/15-16 ഇനം 2 | 52 | 1556.4 | 80933 | 0 | 55153 | 25780 | Bill No. 13 &14/2015-16, തീ.14.10.2015 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | നടപ്പാത പുനരുദ്ധാരണം വാർഡ് .5 | | | | | | | | | രൂ.168892/- & രൂ.27577/- |
| 8 | S0040/16 ചാലുകടവ് മുതൽ മൂലേളാ പാലം വരെ നടപ്പാത പുനരു ദ്ധാരണം വാർഡ് .5 | ഓമനക്കുട്ടൻ | 82/14-15 ഇനം 1 | 59.15 | 1556.4 | 92061 | 0 | 62737 | 29324 | Bill No. 40/2015-16, തീയതി 12.2.2016 രൂ.97585/- |
| 9 | S0042/16 മംഗലപ്പള്ളി പാലം മുതൽ ക്ഷേത്രം വരെ നടപ്പാത പുനരുദ്ധാ രണം വാർഡ് .4 | പ്രഭാകരൻ പിള്ള | 70/15-16 ഇനം 2 | 21.7 | 1556.4 | 33774 | 0 | 23016 | 10758 | Bill No.85/15-16, തീയതി 31.3.16 രൂ.49855/- |
| 10 | S0044/16 മുളപ്പനടി പാലം അപ്രോച്ച് പുനരുദ്ധാരണം വാർഡ് .4 | സുരേഷ് കുമാർ | 82/14-15 ഇനം 4 | 21 | 1314 | 27594 | 0 | 22273 | 5321 | Bill No.87/15-16, തീയതി 31.3.16 രൂ.99554/- |
| 11 | S0045/16 കുളങ്ങര പാലം മുതൽ ഹരി വിലാസം വരെ നടപ്പാത നിർ മ്മാണം, വാർഡ് .6 | ഷൈലജ | 74/15-16 ഇനം 1,2 | 65.18 | 45.09m3 @ 1314 20.09m3 @ 1556.40 | 90516 | 0 | 69133 | 21383 | Bill No. 22/2015-16, തീയതി 29.12.2015 രൂ.95947/- |
| 12 | S0046/16 വിമൽ സദനം മുതൽ പുതിയ വീട് വരെ നടപ്പാത നിർ മ്മാണം വാർഡ് .6 | ഗ്രേസമ്മ | 87/15-16 ഇനം 2 | 38.61 | 1556.4 | 60093 | 0 | 40951 | 19142 | Bill No. 26 & 27/2015-16, തീയതി 29.12.2015 രൂ.100000/- & രൂ.49783/- |
| 13 | S0048/16 ആറുപറ പാലം കുളങ്ങര റോഡിൽ നിന്ന് മനോജ് ഭവനം വരെ നടപ്പാത പുനരുദ്ധാ രണം വാർഡ് .6 | മാത്യു ജേക്കബ്ബ് | 214/15-16 | 15 | 1556.4 | 23346 | 0 | 15910 | 7436 | Bill No. 46/2015-16, തീയതി 12.2.2016 രൂ.49344/- |
| 14 | S0050/16 മേടയിൽ മുതൽ തോണിക്കടവ് വരെ നടപ്പാത പുനരു ദ്ധാരണം വാർഡ് .7 | ജോർജ് തോമസ് | 81/15-16 | 28 | 1556.4 | 43579 | 0 | 29698 | 13881 | Bill No. 43/2015-16, തീ. 22.1.2016 രൂ.98899/- |
| 15 | S0051/16 കരീച്ചിറ മുതൽ വാർധക്കരി പുത്തൻചിറ വരെ നടപ്പാത ,വാർഡ് 7 | ബിജ്ജുമോൻ.പി | ഇനം.2 | 20.5 | 1314 | 26937 | 384 | 21743 | 4810 | Bill No. 51/2015-16, തീയതി 31.3.2016 രൂ.100000/- |
| 16 | S0029/16 പുത്തൻപുര മുതൽ പള്ളിപ്പുറം വരെ നടപ്പാത നിർ മ്മാണം വാർഡ് .7 | മത്തായി ജോൺ | 90/15-16 ഇനം 2 | 32.75 | 1556.4 | 50972 | 112 | 34736 | 16124 | Bill No. 33/ 2015-16, തീയതി 29.12.2015 രൂ.75000/- |
| 17 | S0055/16 ചെത്തി കുളം പാലം മുതൽ വടക്കോട്ട് നടപ്പാത, വാർഡ് 8 | ഷാജി വർഗ്ഗീസ് | 88/15-16 ഇനം 2 | 45 | 1314 | 59130 | 246 | 47729 | 11155 | Bill No. 38/2015-16, തീയതി 22.1.2016 രൂ.80000/- |
| 18 | S0056/16 വല്ല്യാ ശ്ശേരി പാലം മുതൽ പടിഞ്ഞാ റോട്ട് വടക്കേക്കര കുടി നടപ്പാത, വാർഡ് 8 | ജോർജ്ജ് വർഗ്ഗീസ് | 77/15-16 ഇനം 2 | 20.7 | 1314 | 27200 | 0 | 21955 | 5245 | Bill No. 23/2015-16, തീയതി 29.2.2016 രൂ.79991/- |
| 19 | S0060/16 മഠത്തിൽ ഷാജി യുടെ വീട്ടു റെയിൽവേ ലൈൻ വരെ നടപ്പാത നിർ മ്മാണം വാർഡ് 10 | എം.ജെ .മത്തായി | 77/15-16 ഇനം 1, 2 | 68 | 48 m3 @1314 , 20m3@ 1556.40 | 94200 | 0 | 72124 | 22076 | Bill No. 24/ 2015-16, തീയതി 29.2.2016 രൂ.99852/- |
| 20 | S0061/16 തണ്ടപ്ര നടപ്പാത | ദേവദാസ് | 68/15-16 ഇനം 1, 2 | 136.7 | 96.5m3 @1314 | 189368 | 730 | 144989 | 43649 | Bill No. 34/2015-16, |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | നിർമ്മാണം വാർഡ് 10 | | | | 40.20 m3@ 1556.40 | | | | | തീയതി 22.1.2016 രൂ.200000/- |
| 21 | S0064/16 കന്യാ കോണിൽ ബാബു വിന്റെ വീട്ടു മുതൽ കിഴക്കോട്ട് ബഷീ റിന്റെ വീട്ടു വരെ നടപ്പാത,വാർഡ് 12 | റഷീദ് | 75/15-16 ഇനം 2, 3 | 36 | 25 m3 @1314, 11m3 @ 1556.40 | 49970 | 403 | 38183 | 11384 | Bill No. 19/2015-16, തീയതി 12.12.2015 രൂ.100000/- |
| 22 | S0065/16 കുന്നുമ്മ പന്നക്കളം നടപ്പാത പുനരുദ്ധാരണം വാർഡ് 12 | ബെറ്റി.എൻ | 89/15-16 ഇനം 2 | 79.29 | 1556.4 | 123407 | 0 | 84098 | 39309 | Bill No. 20/ 2015-16, തീയതി 29.12.2015 രൂ.296781/- |
| 23 | S0066/16 സിജി മൻസിൽ മുതൽ വടക്കോട്ട് പന നിൽ ക്കും പറമ്പ് വരെ നട പ്പാത വാർഡ് 12 | അഷറഫ് | 72/15-16 ഇനം 2 | 29.5 | 1556.4 | 45914 | 492 | 31289 | 14133 | Bill No. 31/2015-16, തീയതി 29.12.2016 രൂ.100000/- |
| 24 | S0068/16 പട്ടത്താനം മുതൽ റെയിൽവേ ലൈൻ വരെ നടപ്പാത പുനരുദ്ധാരണം | ജിനേഷ് | 42/15-16 ഇനം 2 | 75 | 1556.4 | 116730 | 595 | 79548 | 36587 | Bill No. 54 & 55 /2015-16, തീയതി 26.2.2016 രൂ.118536/- & , രൂ.81464/- |
| 25 | S0070/16 പന്തിരുപറ നാലുപറ മുതൽ കൃഷ്ണഭവനം വരെ നടപ്പാത നിർ മ്മാണം വാർഡ് 14 | അജിത | 238/15-16 ഇനം 2, 3 | 34.5 | 25 m3 @1314 , 9.50m3 @1556.40 | 47635 | 0 | 36592 | 11043 | Bill No. 53/ 2015-16, തീയതി 26.2.2016 രൂ.94416/- |
| 26 | S0071/16 ഭാർഗ്ഗ വീനിലയം മാടംപൂത്ര റോഡിൽ നിന്നും പടിഞ്ഞാറെ കോട്ട പുരയ്ക്കൽ മുതൽ തണ്ടിൽ ക്ഷേത്രം വരെ നടപ്പാത പുനരു ദ്ധാരണം വാർഡ് 14 | കൃഷ്ണകുമാർ | 81/15-16 ഇനം 1,2 | 32.72 | 25.22m3 @ 1314 , 7.50m3 @ 1556.40 | 44812 | 0 | 34704 | 10108 | Bill No. 16/2015-16, തീയതി 17.12.2015 രൂ.47501/- |
| 27 | S0072/16 പുളിവേ ലിപ്പറമ്പ് ശങ്കരകുളം പത്തിരിക്കവട്ടം കോളനി നടപ്പാത പുനരുദ്ധാരണം | ജനാർദ്ദനൻ | 234/15-16 ഇനം 2 | 80 | 1556.4 | 124512 | 0 | 84851 | 39661 | Bill No. 47/2015-16, തീയതി 16.12.2016 രൂ 346318/- |
| 28 | S0085/16 ആശ്ലേഷ ഭവനം മുതൽ വടക്കോട്ട് നടപ്പാത പുനരു ദ്ധാരണം വാർഡ് 2 | തോമസ് ജോസഫ് | 78/15-16 ഇനം 1 | 28.68 | 1556.4 | 44638 | 0 | 30419 | 14219 | Bill No. 15/2015-16, തീയതി 17.12.2016 രൂ 47316/- |
| 29 | S0089/16 മുട്ടിച്ചിറ മുതൽ വടക്കോട്ട് നടപ്പാത പുനരു ദ്ധാരണം വാർഡ് 8 | വിശ്വംഭരൻ | നമ്പറില്ലാത്ത അളവു പുസ്തകം ഇനം 2 | 34 | 1556.4 | 52918 | 688 | 36062 | 16168 | Bill No.77/2015-16, തീയതി 31.3.2016 രൂ 80000/- |
| 30 | S0090/16 വല്ല്യാ ശ്ശേരി മുതൽ പടിഞ്ഞാറോട്ട് തെക്കേക്കരയിൽ കൂടി നടപ്പാത നിർ മ്മാണം വാർഡ് 8 | റ്റി.സി. ചെറിയാൻ | 76/15-16 ഇനം 2 | 10.35 | 1314 | 13600 | 0 | 10978 | 2622 | Bill No.29/2015-16, തീയതി 18.12.2015 രൂ 49974/- |
| 31 | S0092/16 അഞ്ചിൽ പടി മുതൽ മോട്ടോർ തറ വരെ നടപ്പാത , വാർഡ് 8 | പി.ഡി. വർഗ്ഗീസ് | 235/15-16 | 29.35 | 1556.4 | 45680 | 0 | 31130 | 14550 | Bill No.59/2015-16, തീയതി 10.3.2016 രൂ 48421/- |
| 32 | S0093/16 നന്നാട്ട മാലി പാലം മുതൽ പടിഞ്ഞാറോട്ട് നട പ്പാത നിർ | തോമസ് വർഗ്ഗീസ് | 75/15-16 ഇനം 2 | 40 | 1314 | 52560 | 0 | 42426 | 10134 | Bill No.39/2015-16, തീയതി 22.1.2016 രൂ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | മ്മാണം വാർഡ് 8 | | | | | | | | | 73282/- |
| 33 | S0094/16 മുക്കട കോളനി നടപ്പാത പാർശ്വഭിത്തി വാർഡ് 10 | ഉണ്ണികൃഷ്ണൻ | 84/15-16 ഇനം 3 | 10.89 | 1314 | 14309 | 0 | 11550 | 2759 | Bill No.40 & 41/2015-16, തീ. 27.1.2016 രൂ160000/- & രൂ. 17273/- |
| 34 | S0100/16 NSS മുതൽ പൂപ്പള്ളി വരെ നടപ്പാത വാർഡ് 1 | ശ്രീകമാർ | 45/15-16 ഇനം 2 | 22 | 1556.4 | 34240 | 0 | 23334 | 10906 | Bill No.58/16, തീയതി 16.3.2016 രൂ 50000/- |
| 35 | S0103/16 മെതിക്കളം പാലം മുതൽ കിഴക്കോട്ട് നടപ്പാത വാർഡ്, 9 | മത്തായി ജെയിംസ് | 214/15-16 ഇനം 2 | 14 | 1556.4 | 21789 | 0 | 14849 | 6940 | Bill No.50/15-16, തീയതി 24.12.2016 രൂ 49451/- |
| 36 | S0104/16 ഭാർഗ്ഗവീ നിലയം മാടമ്പിത്ത റ റോഡിൽ നിന്നും സുധീഷ് ഭവനം - മ നോജ് ഭവനം നട പ്പാത വാർഡ് 14 | ഭാസുര | നമ്പറില്ലാത്ത അളവു പുസ്തകം ഇനം 2 | 13.47 | 1556.4 | 20965 | 0 | 14287 | 6678 | Bill No.32/15-16, തീയതി 31.12.2016 രൂ 50000/- |
| 37 | S0144/16 മാവേലി സ്റ്റോർ മുതൽ എണ്ണ യ്ക്കാട്ട് വെളി വരെ റോഡ് | ശ്രീകമാർ | നമ്പറില്ല ഇനം 2 | 11.5 | 1314 | 15111 | 0 | 12197 | 2914 | Bill No.62/15-16, തീയതി 30.3.2016 രൂ 59938/- |
| 38 | S0146/16 പട ഹാരം പള്ളി മുതൽ വായനശാല വരെ റോഡ് അറ്റകുറ്റപ്പണികൾ | എ. ചാക്കോ | നമ്പറില്ല ഇനം 2 | 19 | 1314 | 24966 | 252 | 20152 | 4562 | Bill No.57/15-16, തീയതി 16.3.2016 രൂ 100000/- |
| 39 | S0148/16 കൊരപ്പറമ്പ് മുതൽ മുള്ളുവേലി വരെ നടപ്പാത പുനരുദ്ധാരണം | ജോർജ് തോമസ് | 48/15-16 ഇനം 2 | 29 | 1556.5 | 45136 | 0 | 30759 | 14377 | Bill No.84/15-16, തീ.31.3.2016 രൂ 100000/- ചെക്ക് നം. 402357/20.4.16 രൂ.40692/- |
| 40 | S0151/16 കുലിപ്പു രയ്ക്കൽ പട്ടിക ജാതി കോളനി നടപ്പാത വാർഡ് 8 | ജയൻ | നമ്പറില്ല ഇനം 2 | 27 | 1556.4 | 42023 | 0 | 28637 | 13386 | Bill No.61/15-16, തീയതി 30.3.2016 രൂ 349770/- |
| 41 | S0156/16 ഭാർഗ്ഗവീ നിലയം റോഡിൽ നെടുംതറ വരെ റോഡ് | ആനന്ദൻ | 80/15-16 ഇനം 1 | 17.73 | 1314 | 23297 | 0 | 18805 | 4492 | Bill No.51/15-16, തീ. 29.12.2016 രൂ 24695/- |
| 42 | S0157/16 ശങ്കരമംഗലം പുളിവേലിപ്പറമ്പ് | ജ്യോതി | 239/15-16 ഇനം 2 | 19 | 1314 | 24966 | 251 | 20152 | 4563 | Bill No.56/15-16, തീയതി 16.3.2016 രൂ 100000/- |
| 43 | S0159/16 മുക്കട-മങ്കഴിക്കരി റോഡ് റിപ്പയറിംഗ് വാർഡ് 10 | തങ്കച്ചൻ | 64/15-16 ഇനം 2 | 58 | 1314 | 76212 | 0 | 61517 | 14695 | Bill No.76/15-16, തീയതി 31.3.2016 രൂ 208930/- |
| 44 | S0160/16 പൗവ്വത്ര വേണ വിന്റെ വസതി മുതൽ ഷാഹിദയുടെ വീട് വരെ റോഡ് നിർമ്മാണം | സിജോയ് | നമ്പറില്ലാത്ത അളവു പുസ്തകം ഇനം 1, 2 | 104.31 | 86.81m3 @1314 , 17.50m3 @ 1556.40 | 141305 | 0 | 110635 | 30670 | Bill No.60/15-16, തീയതി 31.3.2016 രൂ 50000/- 99783/- ചെക്ക് നം.4920143 തീയതി 23.3.16 |
| *പുതിയ പ്രോജക്ടുകൾ ആകെ* | | | | | | | | | ***697849*** | |
| | ***(2)*** *സ്പിൽ ഓവർ പ്രവൃത്തികൾ* ***(****അനുവദനീയ നിരക്ക്* ***1004.52/m3****)* | | | | | | | | | |
| 45 | S00110/16 കരി യിൽപാടം അപ്രോച്ച് | എൻ. എ. പുരുഷോത്തമൻ | 85/14-15 ഇനം 4 | 44 | 1303.55 | 57356 | 0 | 44199 | 13157 | Bill No. 3/2015-16, |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് നിർമ്മാണം വാർഡ്.11 | | | | | | | | | തീയതി 12.6.2015 രൂ. 198815/- |
| 46 | S0123/16 91-ാം നമ്പർ അംഗൻവാടി കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള ബാക്കി പ്രവർത്തികൾ | സാറാമ്മ.ജെ | 52/15-16 ഇനം 1 | 11.98 | 1303.55 | 15617 | 3329 | 12034 | 254 | Bill No.80 &81/2015-16, തീ. 31.3.2016 രൂ.78000/- & രൂ.122000/- |
| 47 | S0138/16 ചിറയകം സ്കൂൾ സ്റ്റേജ് ബാലൻസ് പ്രവർത്തി വാർഡ് 3 | കെ. പ്രേംകുമാർ (എച്ച്.എം) | 87/14-15 ഇനം 5 | 25 | 1303.55 | 32589 | 0 | 25113 | 7476 | Bill No. 1/2015-16, തീ. 17.6.2015 രൂ. 159638/- |
| 48 | S0139/16 പത്തിരിക്കവട്ടം കോളനി നടപ്പാത സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 14 | ശ്രീമതി .വിജയകുമാരി | 80/14-15 ഇനം 4 | 87 | 1303.55 | 113409 | 0 | 87393 | 26016 | Bill No. 5/2015-16, തീയതി 30.6.2015 രൂ. 75638/- |
| 49 | S0163/16 വലിയ പുരയ്ക്കൽ ക്ഷേത്രം - ചിറയകം റോഡ് ഇരുവശവും കൽകെട്ട് , വാർഡ് 3 | അമ്പാടി | - | 26 | 1303.55 | 33892 | 0 | 26118 | 7774 | Bill No. 7/2015-16, തീയതി 29.7.2015 രൂ.391020/- |
| 50 | S0131/16 ആയുർ വ്വേദാശുപത്രി മുതൽ അരമശ്ശേരി വരെ റോഡ് പുനരുദ്ധാ രണം വാർഡ് 10 | അജയകുമാർ | 88/15-16 ഇനം നം.1 | 35 | 1303.55 | 45533 | 0 | 35158 | 10375 | Bill No.92/2015-16, തീയതി 31.3.2016 രൂ.48625/- |
| | *സ്പിൽ ഓവർ ആകെ* | | | | | | | | ***65052*** | |
| | *ഗുണഭോക്തൃ സമിതി മുഖേന നടത്തിയ പ്രവൃത്തികൾക്ക് ആകെ അധികചെലവ്* | | | | | | | | ***762901*** | |
| | **B)**<u>കരാർ വേലകൾ</u> | | | | | | | | | |
| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | കരാറുകാരന്റ പേര്, ടെണ്ടർ വ്യത്യാസം | അളവ് പുസ്തകം നം., ഇനം നം. | ഫില്ലിംഗ് അളവ് (m3) | അനുവദിച്ച നിരക്ക് (ഘന മീറ്ററിന്) | നിർണ്ണയിച്ച മൂല്യം (ടെണ്ടർ വ്യത്യാസം ക്രമീകരി ക്കാതെ) | അടങ്കലിൽ ക്രമീകരിക്കാൻ കുറവു ചെയ്ത തുക | അർഹമായ മൂല്യം (ടെണ്ടർ വ്യത്യാസം ക്രമീകരിക്കാതെ) | അധികമായി നല്കിയ തുക (ടെൻഡർ വ്യത്യാസം ക്രമീകരിച്ച്) | ഫൈനൽ ബിൽ വിവരങ്ങൾ (One bill only) |
| | ***(1) 2015-16*** *ലെ പുതിയ പ്രോജക്റ്റുകൾ* ***(****അനുവദനീയ നിരക്ക്* ***1219.74/m3****)* | | | | | | | | | |
| 51 | SO27/16 ചെമ്പൂന്തറ മുതൽ ആറ്റുതീരം വരെ റോഡ് ടാറിംഗ് വാർഡ് 1 | തോമസ് പ്രസാദ് എബ്രഹാം, (10.5% കുറച്ച്) | 54/15-16, ഇനം 1 | 40 | 1789.9 | 71596 | 0 | 48790 | 20411 | Bill Nos. 68 & 69 /2015-16, തീ. 31.3.2016 രൂ. 400000/- & രൂ. 28067/- |
| 52 | SO0095/16 ഇന്ദിര ജം. മുതൽ ചിറയിൽ കടവ് വരെ നടപ്പാത പുനരുദ്ധാരണം. വാർഡ് 11 | K. കൃഷ്ണൻകുട്ടി (7.5% കുറച്ച്) | 91/15-16, ഇനം 3 | 74 | 1789.9 | 132453 | 0 | 90261 | 39028 | Bill No. 66/2015-16, തീയതി 23.3.2016 രൂ. 277455/- |
| 53 | S0098/16 നാറാണത്തു മുതൽ വായനശാലയിലേക്ക് സംരക്ഷണ ഭിത്തി നിർമ്മാണം | K. കൃഷ്ണൻകുട്ടി (7.5% കുറച്ച്) | 85/15-16, ഇനം 3 | 26 | 1511.1 | 39289 | 0 | 31713 | 7008 | Bill No. 35/2015-16, തീയതി 12.1.2016 രൂ. 321621/- |
| | ***(2)*** *സ്പിൽ ഓവർ പ്രവൃത്തികൾ* ***(****അനുവദനീയ നിരക്ക്* ***1155.20/m3****)* | | | | | | | | | |
| 54 | S00112/16 തകഴി മൃഗാശുപത്രിക്ക് ചുറ്റമതിൽ നിർമ്മാണം വാർഡ് 14 | സുരേഷ് കുമാർ. G (7.2% കുറച്ച്) | 81/14-15, ഇനം 7 | 81 | 1499.09 | 121426 | 0 | 93571 | 25849 | ചെക്ക് നം. 2460183 & 460184 തീ. 16.6.2015 രൂ. 265816/- & 16086/- |
| | *കരാറുകാർ മുഖേന നടത്തിയ പ്രവൃത്തികൾക്ക് ആകെ അധിക ചെലവ്* | | | | | | | | ***92296*** | |
| | എല്ലാ ഇനങ്ങളിലുമായി ആകെ അധികം ചെലവ് | | | | | | | | **855197** | |

തെറ്റായ നിരക്ക് അനുവദിക്കപ്പെട്ടതു മൂലം ഉണ്ടായ ഈ അധിക ചെലവ് (രൂ.855197/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

*അനുബന്ധ വിവരങ്ങൾ :-*

*എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തുകയും ചെലവു നടത്തുകയും ചെയ്തത് :- ശ്രീ.റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.*

*സാങ്കേതികാനുമതി നൽകുകയും ചെക്ക് മെഷർ ചെയ്യുതും:- ശ്രീ.ജയശങ്കർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്.*

## 3-3 സെന്റ് മേരീസ് വായനശാല മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ്, വാർഡ് 9-ടാറിന്റെ വില വ്യത്യാസം ബില്ലിൽ നിന്നും കുറവു ചെയ്തില്ല – അധിക ചെലവ്

*അനുബന്ധ വിവരങ്ങൾ :*

| | | |
|---|---|---|
| *കരാർ നമ്പർ* | : | *11/AE/LSGD/TKY തീയതി 20.8.2015* |
| *അളവു പുസ്തകം നമ്പർ* | : | *69/15-16* |
| *ആകെ മൂല്യം (വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | : | *രൂ.499399/-* |
| *ചെലവഴിച്ച തുക (ബാരൽ വില കുറച്ച്)* | : | *രൂ.496774/-<br>ബിൽ നം. 63/15-16 തീയതി.23.3.2016 രൂ.222000/-<br>ബിൽ നം. 64/15-16 തീയതി.23.3.2016 രൂ.274774/-* |
| *വാറ്റ്, നി.തൊ.ക്ഷേമ നിധി വിഹിതം, ബാരൽ വില എന്നിവ കിഴിച്ച് കൺവീനർക്ക് നല്കിയ തുക.* | : | *രൂ. 468506/-<br>Bankers Cheque No. 673929/5.4.2016* |
| *മൂല്യ നിർണ്ണയം നടത്തുകയും ചെലവു നടത്തുകയും ചെയ്തത്* | | *ശ്രീ. റെനി സെബാസ്റ്റ്യൻ, അസി. എഞ്ചിനീയർ* |

2015-16 ൽ നടപ്പാക്കിയ സെന്റ് മേരീസ് വായനശാല മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ് എന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരവുമാണ് തയ്യാറാക്കിയത്. ഇതിൽ ടാറിന്റെ (Bitumen VG-10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇന്റക്സ് (1.4571) സഹിതം | 73884.43/Tonne<br>= രൂ.73.88 / kg |

എന്നാൽ ഗുണഭോക്തൃ സമിതിക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വില ഒഴികെയുള്ള ഇനങ്ങളുടെ ആധികാരികത പരിശോധിച്ചുറപ്പാക്കുവാൻ യാതൊരു സംവിധാനവുമില്ല. (ഇവിടെ മസ്റ്റർ റോൾ, വിവിധ സാധനങ്ങളുടെ ബില്ലുകൾ എന്നീയിനങ്ങളിൽ സമർപ്പിച്ചിട്ടുള്ള രേഖകളിൽ മിക്കതും യാധാർത്ഥ്യവുമായി

ബന്ധമുള്ളവയല്ല.) ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. തൻമൂലം ബില്ല പ്രകാരമുള്ള ടാർ വിലയിൽ അധികരിച്ച തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

ആയതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവ് ചെയ്ത് മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളു. ജില്ലയിലെ മിക്ക ഗ്രാമ പഞ്ചായത്തുകളിലും ഇപ്രകാരം കുറവ് വരുത്തിയാണ് ഈ കാലഘട്ടത്തിൽ ഗുണഭോക്തൃ സമിതികളുടെ ബിൽ തുക നല്കിയത്. എന്നാൽ ഇവിടെ ടാറിംഗ് വേലയുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവ് വരുത്താതിരുന്നതു മൂലം കൺവീനർക്ക് അധിക തുക നല്കാനിടയായി.

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 11/2911.2016) അസിസ്റ്റന്റ് എഞ്ചിനീയർ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

ടി ന്യൂനതകൾ മൂലം കൺവിനർക്ക് അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടാറിംഗ് വിസ്തീർണ്ണം | : 465 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>*(3.17kg/m2 നിരക്കിൽ)* | : 1474.05 kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>*(രൂ. 73.88/kgനിരക്കിൽ)* | : രൂ. 108903/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>*(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില)* | : രൂ.59723/-<br>*(BPCL Kochi Invoice No.6300048077 dtd. 13.10.015 പ്രകാരമുള്ള 10 ബാരൽ ടാറിന്റെ വില)* |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : 108903-59723<br>= 49180/- |

എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 49180/- രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി ഗ്രാമപഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതാണ്.

## 3-4 മരാമത്തു വേലകളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച

ഗ്രാമപഞ്ചായത്തിലെ മരാമത്തു വേലകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ LSGD അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. നടപ്പാക്കുന്ന പദ്ധതികളുടെ എണ്ണത്തിന്റെയും ചെലവഴിക്കുന്ന പദ്ധതി തുകയുടെയും വലിപ്പം നോക്കിയാൽ ഗ്രാമ പഞ്ചായത്തിലെ എറ്റവും പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. എഞ്ചിനീയർ ആണ്. എന്നാൽ മുൻ വർഷങ്ങളിലെന്ന പോലെ ഓഡിറ്റ വർഷവും മരാമത്തു വേലകളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം കാര്യമായ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശം ചുവടെ.

1. ഓഡിറ്റു വർഷം നടപ്പാക്കിയ മരാമത്തു വേലകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. പ്രോജക്ട് രജിസ്റ്ററിൽ ഓരോ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ ഓരോ പദ്ധതികളുടെയും ചെലവിന്റെ വിവരങ്ങൾ ഇനം തിരിച്ച് മനസ്സിലാക്കുവാൻ സാധിക്കാതെ വരുന്നു. ഇത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കാൻ സാധ്യതയുണ്ട്.
3. ബിൽ രജിസ്റ്റർ, ചെക്ക്/ഡി.ഡി. ഇഷ്യൂ രജിസ്റ്ററുകൾ എഴുതുന്നുണ്ട് എങ്കിലും അവയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്താതിനാൽ തനതു ഫണ്ട്, കേന്ദ്ര ഫണ്ട് എന്നീ ഇനങ്ങളിലുള്ള ചെലവിന്റെ വിശദാംശങ്ങളും റിടെൻഷൻ തുക തിരിച്ചു നല്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല.
4. പ്രോജക്ടിന്റെ ഫയലിൽ ചെലവുകളുമായി ബന്ധപ്പെട്ട യാതൊരു വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല.

മരാമത്തു വേലകളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തത് ഗുരുതര സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കുന്ന കാര്യമായതിനാൽ വിഷയത്തിൽ ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 വാട്ടർചാർജ് കുടിശ്ശിക –വികസനപ്രവർത്തനങ്ങൾ വഴിമുട്ടുന്നു

S0004/16 പദ്ധതി പ്രകാരം 15-16 ൽ 6,20,956/-രൂപ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. (ബിൽ നം.2/15-16 dt.22.7.15 &20/15-16 dt.30.1.16) രജിസ്റ്റർ പ്രകാരം 2010 ലെ കുടിശ്ശിക 14,49,913/- രൂപയായിരുന്നു. എന്നാൽ ഡിസംബർ 2015 ൽ കുടിശ്ശിക 88,12,910/-രൂപയായി. നിലവിൽ 330 ടാപ്പുകളുടെ പ്രതിമാസ ചാർജ് 1,44,375/-രൂപയും കുടിശ്ശിക 1,20,42,550/-രൂപയുമാണ്. കോടികളുടെ ബാധ്യത തദ്ദേശ സ്ഥാപനത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു.

കാലാകാലങ്ങളിൽ അടവാക്കേണ്ട തുക യഥാസമയം അടയ്ക്കാഞ്ഞതും തദ്ദേശ സ്ഥാപനവും വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന ഇതുവരെ നടത്താത്തതും തദ്ദേശ സ്ഥാപനത്തിന് വൻ ബാധ്യതയായിരിക്കുന്നു. സംയുക്ത പരിശോധന നടത്താൻ നിരവധി തവണ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി തയ്യാറാകുന്നില്ല എന്ന് സെക്രട്ടറി അറിയിച്ചു.

12ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തകഴി ഗ്രാമപഞ്ചായത്തിൽ ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി ഇതുവരെ നടപ്പാക്കാത്തതും പൊതു ടാപ്പുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നു. ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി നടപ്പാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കാനും അതുവഴി തദ്ദേശ സ്ഥാപനത്തിന്റെ ബാധ്യത കുറയ്ക്കാനും ഉചിത നടപടികൾ സ്വീകരിക്കണമെന്ന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 3-6 ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച കുടിവെള്ള സ്രോതസ്സ് പ്രവർത്തനരഹിതം

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തകഴി ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച 4 ആർ.ഒ.പ്ലാന്റുകളിൽ , പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ആർ.ഒ.പ്ലാന്റ് പ്രവർത്തന രഹിതമായിട്ട് ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. പദ്ധതി പ്രകാരമുള്ള ഒരു ആർ.ഒ.പ്ലാന്റ് നാളിതുവരെ സ്ഥാപിക്കാത്തതിനാൽ കുട്ടനാട് പാക്കേജിന്റെ അക്കൗണ്ടിൽ 5,26,101/- രൂപ നിലവിലും ശേഷിക്കുന്നു. ശുദ്ധജലക്ഷാമം രൂക്ഷമായി നേരിടുന്ന കുട്ടനാടൻ പ്രദേശത്ത് ലഭ്യമായ ശുദ്ധജല സ്രോതസ്സ് പോലും ശരിയാം വിധം സംരക്ഷിക്കപ്പെടാതെ അവഗണിക്കുന്നത് നികുതി ദായകരായ തദ്ദേശവാസികളുടെ അടിസ്ഥാന ആവശ്യങ്ങൾക്കു നേരെ മുഖം തിരിക്കുന്നതിന് തുല്യമാണ്. കുറഞ്ഞ ചെലവിൽ ഇവ ശരിയായ വിധം സംരക്ഷിക്കപ്പെടാം എന്നിരിക്കെ, ആയതു ചെയ്യാത്തത് ഗൗരവമാണ്. ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 അഗതി ആശ്രയ ഭവന നിർമ്മാണം--പദ്ധതി പൂർണ്ണമായില്ല

S0018/16 പദ്ധതി പ്രകാരം അഗതി ആശ്രയ ഭവന നിർമ്മാണത്തിന് വി.ഇ.ഒ മുഖേന 2,50,000/-രൂപ (ബിൽ നം.5/15-16 dt.26.2.16) സി.ഡി.എസിന് നല്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് അടിത്തറ നിർമ്മാണം മാത്രം പൂർത്തിയാക്കിയതിനാൽ ആദ്യഗഡു 65,000/-രൂപ മാത്രമേ സി.ഡി.എസ് അക്കൗണ്ടിൽ നിന്നും

അനുവദിച്ചിട്ടുള്ളൂ. ശേഷിക്കുന്ന 1,85,000/-രൂപ സി.ഡി.എസ് അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്നു. ഗുണഭോക്താവിനെക്കൊണ്ട് ഭവന നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനും ആനുകൂല്യം വിതരണം നടത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വഴിവിളക്കിന്റെ കറന്റ് ചാർജ്ജ് - കുറയ്ക്കാൻ നടപടി സ്വീകരിക്കുന്നില്ല

2015 -16 വർഷം തെരുവ് വിളക്കുകളുടെ കറണ്ട്ചാർജ്ജിനത്തിൽ പ്രതിമാസം ശരാശരി 53578/- രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗിക്കുന്ന ബൾബുകൾ, ട്യൂബുകൾ, മെർക്കുറിവേപ്പർ ലാമ്പുകൾ, എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമായില്ല. ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/26.11.2016) മറുപടി ലഭിച്ചില്ല.

ബൾബുകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അവയ്ക്ക് പകരം സി.എഫ്.എൽ./എൽ.ഈ.ഡി. വിളക്കുകൾ ഉപയോഗിക്കുക വഴി വൈദ്യുതി ചാർജ്ജിനത്തിലുള്ള ചെലവ് കുറയ്ക്കാവുന്നതാണ്. സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന CFL വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് കറന്റ് ചാർജ്ജാകുന്നത്. 60Watt, 100Watt സാധാരണ ബൾബുകളുടെ പ്രതിമാസ വൈദ്യുത ചാർജ്ജ് യഥാക്രമം രൂ. 94/-രൂ. 155/- എന്നിങ്ങനെയാണ്. എന്നാൽ ഇതേ പ്രകാശം ലഭിക്കുന്ന 12Watt, 18Watt CFL വിളക്കുകളുടെ വൈദ്യുത ചാർജ്ജ് യഥാക്രമം രൂ.9/-, രൂ.12/- എന്നിങ്ങനെയാണ് (KSEB Rate as on 1.12.2015).

സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന വിളക്കുകൾക്കും ഉപയോഗിക്കുന്ന തരത്തിനും മാത്രമേ വൈദ്യുത ചാർജ്ജ അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

വിഷയത്തിൽ ഗ്രാമ പഞ്ചായത്തു ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ക്ഷീരകർഷകർക്ക് സബിസിഡി നൽകൽ ഫലപ്രദമാകുന്നില്ല

2015 – 16 വർഷം ഡയറിഫാം ഇൻസ്റ്റക്ടർ നടപ്പാക്കിയ ക്ഷിരകർഷകർക്ക് കാലിത്തീറ്റ വിതരണം എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം. S0011/16, ബിൽ നം 1/15-16, തീയതി 28-11-16). ഗ്രാമപഞ്ചായത്തിലെ തെന്നടി, തകഴി, ചെക്കിടിക്കാട്ട്, പടഹാരം, കരുമാടി, കുന്നമ്മ, എന്നി ക്ഷീരസംഘങ്ങളിൽ പാലളന്ന കർഷകർക്കാണ് ആനുകൂല്യം ലഭ്യമായത്. എന്നാൽ കർഷകർക്ക് ലിറ്ററിന് 2 /-രൂപ, 1.50 രൂപ നിരക്കിലാണ് സബ്സിഡി ലഭ്യമാക്കിയത്.

സർക്കാർ നിർദ്ദേശമനുസരിച്ച് ലിറ്ററിന് 3/-രൂപാ നിരക്കിൽ സബ്സിഡി അനുവദിക്കാമായിരുന്നിട്ടും തുച്ഛമായ തുക മാത്രം വകയിരുത്തി പദ്ധതി തയ്യാറാക്കിയതുമൂലമാണ് കുറഞ്ഞ നിരക്കിൽ സബ്സിഡി നല്കാൻ ഇടയായത്.

ചമ്പക്കുളം ബ്ലോക്കിൽ ഏറ്റവും കൂടുതൽ ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും ഉള്ള ഗ്രാമപഞ്ചായത്താണ് തകഴി. പശുവളർത്തൽ മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ ധാരാളം ഉള്ള ഗ്രാമപഞ്ചായത്തിൽ ക്ഷിരവികസനത്തിന് കാര്യമായ പ്രാധാന്യം നല്കാതെയാണ് വാർഷിക പദ്ധതി തയ്യാറാക്കിയത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/26.11.2016) വരും വർഷങ്ങളിൽ കൂടുതൽ തുക വകകൊള്ളിച്ച് പ്രോജക്റ്റ് തയ്യാറാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്.

വരും വർഷങ്ങളിൽ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് അനുപാതികമായി തുക വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | : 2086 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | : 5892 |

| | |
|---|---|
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | : 2186 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | : 2596 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | : 95071 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | : 44 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 44 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം 4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. വികസനഫണ്ട് വരവ്-ചെലവുകൾ വാർഷിക കണക്ക്,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
2. RP 43 ൽ വ്യാപാരികളുടെ തൊഴിൽ നികുതി കുടിശ്ശിക 31770/- രൂപ ലഭിച്ചതായി അക്കൌണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ 14-15 ലെ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക ഇല്ലായിരുന്നു.
3. നെഗറ്റീവ് തുകകൾ വിശദീകരിച്ചിട്ടില്ല.
4. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
5. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്രവിഹിതം | 2015-16 | 458693/- | അനുപൂരക പോഷകാഹാരം | 263256 | 195437 |
| ജില്ലാപഞ്ചായത്ത് വിഹിതം | 2015-16 | 91800 | സ്കോളർഷിപ്പ് | 91800 | 0 |
| ബ്ലോക്ക് വിഹിതം | 2015-16 | 91800 | സ്കോളർഷിപ്പ് | 91800 | 0 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | 869/2010 dt.15.3.10 | 9634500 | 4073487 | 1133645 | | 2939842 |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച39510/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം. തീയതി. |
|---|---|---|---|---|
| 2010-11 &11-12 | 2-5 | 259 | ഭാരതി എയർടെൽ | 11501400011 /6.1.16 |
| 2010-11 &11-12 | 3-1 | 31291 | കെ.കെ.വർക്കി കോൺട്രാക്ടർ | 11501101854/17.12.15 |

| | | | | |
|---|---|---|---|---|
| 2010-11 &11-12 | 3-14 | 960 | തൊഴിൽരഹിത വേതനം | വിവിധ രസീതുകൾ |
| 2012-13 &13-14 | 3-5 | 3750 | കൃഷിഓഫീസർ | 1150 1100710/7.7.15 |
| 2012-13 &13-14 | 3-6 (1) | 3250 | അസിസ്റ്റന്റ് എഞ്ചിനീയർ | 11501100237/11.5.15 |
| | ആകെ | 39510/- | | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-26 | | 7 | ടോട്ടൽ സാനിറ്റേഷൻ ഫണ്ട് | അക്കൗണ്ട്സ് കമ്മറ്റിക്ക് മറുപടി നല്കി |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 3,05,12,545 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,59,70,755 |
| വരവിനങ്ങളിലുള്ള നഷ്ടം | : | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1140089/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 750320/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 235712 | റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 855197 | 1.റെനി സെബാസ്റ്റ്യൻ, അസി. |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ<br>2.ജയശങ്കർ,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി.,<br>ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് |
| 3-3 | - | 49180 | റെനി സെബാസ്റ്റ്യൻ, അസി. എഞ്ചിനീയർ |
| ആകെ | | 1140089/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 750320 | റെനി സെബാസ്റ്റ്യൻ, അസി. എഞ്ചിനീയർ |
| ആകെ | 750320/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 2-1, 3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റെനി സെബാസ്റ്റ്യൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തകഴി ഗ്രാമ പഞ്ചായത്ത് | K G കടവുങ്കൽ,<br>അർത്തുങ്കൽപി.ഒ.<br>ചേർത്തല. |
| ജയശങ്കർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി., ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ. എസ്.ജി.ഡി., പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | ജയവിഹാർ,<br>ചെമ്പക നഗർ,<br>ഊറ്റുകുഴി,<br>തിരുവനന്തപുരം. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11dt.21.3.12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ 51577/13 dt.16.5.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13 dt.7.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014/15.01.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി.1-658/16 dt.4.07.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം.കെ.എസ്.എ/എ.എൽ.പി/പി1/1483/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തിയതി 20.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തകഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P1/1483/16

Kerala State Audit Department,
District Audit Office, Alappuzha.

Date: 20.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Thakazhy Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Thakazhy Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha